തോട്ടം തൊഴിലാളി സമരം

7 (*67) ശ്രീ. സി. ദിവാകരൻ :

ശ്രീമതി. ഇ. എസ്. ബിജിമോൾ :

ശ്രീ. കെ. രാജു :

ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്ന തോട്ടം തൊഴിലാളി സമരം ഒത്തു തീർപ്പിലെത്തിച്ച വ്യവസ്ഥകൾ എന്തെല്ലാം; പ്രസ്തുത വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഒത്തുതീർപ്പ് വ്യവസ്ഥ പ്രകാരം എത്ര ശതമാനം ബോണസ്സാണ് നൽകാൻ തീരുമാനിച്ചത്; പ്രസ്തുത ബോണസ്സ് നൽകാനാവില്ലെന്ന് തോട്ടം ഉടമകൾ അറിയിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് എത്ര തോട്ടം തൊഴിലാളികളുണ്ട്; ഇവരിൽ ചെറുകിട തോട്ടം മേഖലയിൽ പ്രവർത്തിക്കുന്നവർ എത്ര ; വ്യക്തമാക്കുമോ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) M/s. കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ (കെ.ഡി.എച്ച്.പി.) കമ്പനിയുടെ ഉടമസ്ഥതയിൽ മൂന്നാറിൽ പ്രവർത്തിച്ചുവരുന്ന വിവിധ തേയില തോട്ടങ്ങളിലെ 2014-15 വർഷത്തെ ബോണസ് സംബന്ധിച്ച് ഉണ്ടായിരുന്ന തർക്കം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 13-9-2015 തീയതിയിൽ വിളിച്ചുചേർത്ത യോഗത്തിൽ ഒത്തുതീർപ്പായി. ഒത്തുതീർപ്പ് വ്യവസ്ഥകൾ ചുവടെ ചേർക്കും പ്രകാരമാണ്:

1. M/s. കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ ലിമിറ്റഡ് (കെ.ഡി. എച്ച്.പി.) മൂന്നാറിലെ തോട്ടം തൊഴിലാളികൾക്ക് 2014-15 വർഷത്തേയ്ക്ക് ബോണസ് നിയമപ്രകാരം 8.33 ശതമാനം ബോണസും കൂടാതെ 11.67 ശതമാനം തുക എക്സ്ഗ്രേഷ്യയായും സ്പെഷ്യൽ കേസായി നൽകുന്നതാണ്. (ആകെ 20 ശതമാനത്തിന് തുല്യമായ തുക).

LIBRARY ARCHIVES Kerala Legislative Assembly

2. ടി ഇക 21-9-2015 തീയതിയിലോ അതിന് മുമ്പോ വിതരണം നടത്തുന്നതാണ്.

3. തൊഴിലാളികൾ ഉന്നയിച്ച വേതന വർദ്ധനവ് ഉൾപ്പെടെയുള്ള ഇതര വിഷയങ്ങൾ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.

4. 1951-ലെ തോട്ടം തൊഴിലാളി നിയമപ്രകാരവും മറ്റ് തൊഴിൽ നിയമപ്രകാരവും തൊഴിലാളികൾ ഉന്നയിച്ചിട്ടുള്ള നിയമ ലംഘനങ്ങൾ സംബന്ധിച്ച് പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടർ അടിയന്തരമായി പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പ്ലാന്റേഷൻ മേഖലയിലെ വേതനം പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച് വിവിധ തൊഴിലാളി യൂണിയനുകൾ നടത്തിവന്ന സമരം 14-10-2015- ൽ ചേർന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ ഒത്തുതീർപ്പായി. ഒത്തുതീർപ്പ് വ്യവസ്ഥകൾ താഴെ പറയും പ്രകാരമാണ്.

1. തേയിലത്തോട്ടം തൊഴിലാളികളുടെ വേതനം 232 രൂപയിൽ നിന്നും 301 രൂപയാക്കി വർദ്ധിപ്പിച്ചു.

2. കാപ്പിത്തോട്ടങ്ങളിൽ തേയിലത്തോട്ടങ്ങളിലെ അതേ നിരക്ക് ബാധകമായിരിക്കുന്നതാണ്.

3. ഏലത്തോട്ടം തൊഴിലാളികളുടെ വേതനം 267 രൂപയിൽ നിന്നും 330 രൂപയാക്കി വർദ്ധിപ്പിച്ചു.

4. റബ്ബർത്തോട്ടം തൊഴിലാളികളുടെ വേതനം 317 രൂപയിൽ നിന്നും 381 രൂപയാക്കി വർദ്ധിപ്പിച്ചു.

ബാക്കിയുള്ള കാര്യങ്ങൾക്ക് ചർച്ചകൾ നടന്നുവരുന്നു. വേതന വർദ്ധനവ് 2015 നവംബർ മാസത്തെ ശമ്പളത്തോടൊപ്പം നൽകുന്നതിന് മാനേജ്മെന്റുകൾക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(ബി) M/s കണ്ണൻദേവൻ ഹിൽസ് പ്ലാന്റേഷൻ (കെ.ഡി.എച്ച്.പി.) മൂന്നാറിലെ തൊഴിലാളികൾക്ക് 2014-15 വർഷത്തേക്ക് ബോണസ് നിയമപ്രകാരം 8.33 ശതമാനം ബോണസും കൂടാതെ 11.67 ശതമാനം ഇക എക്സ്ഗ്രേഷ്യയായും

LIBRARY ARCHIVES Kerala Legislative Assembly

സ്പെഷ്യൽ കേസായി നൽകുന്നതാണ്. (ആകെ 20 ശതമാനത്തിന് തുല്യമായ തുക). ടി തുക വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത ബോണസ് നൽകാനാവില്ലെന്ന് ഉടമകൾ അറിയിച്ചിട്ടില്ല.

(സി) സംസ്ഥാനത്ത് ആകെ മൂന്ന് ലക്ഷത്തോളം തൊഴിലാളികളുണ്ടെങ്കിലും പ്ലാന്റേഷൻ ലേബർ ആക്ട് പ്രകാരം 64391 തൊഴിലാളികളെ രജിസ്റ്റർ ചെയ്യിച്ചിട്ടുണ്ട്.

സൗജന്യ മരുന്ന് വിതരണ പദ്ധതി

8 (*68) <u>ശ്രീ. ബെന്നി ബെഹനാൻ</u> :

<u>ശ്രീ. കെ. മുരളീധരൻ</u> :

<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :

<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് സൗജന്യ മരുന്ന വിതരണ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ</u>):

(എ) ഉണ്ട്.

(ബി) സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികാഘോഷം പ്രമാണിച്ച് പ്രധാന സർക്കാർ ആശുപത്രികളിലൂടെ എല്ലാ വിഭാഗം രോഗികൾക്കും (ആദായ നികുതി അടയ്ക്കുന്നവർ ഒഴികെ) ആവശ്യമായ ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതിയുടെ ഒന്നാം ഘട്ടം 2012 നവംബർ ഒന്നിന് ആരംഭിച്ചു. 2013 ഒക്ടോബർ രണ്ടിന് ഇത് എല്ലാ സർക്കാർ ആശുപത്രികളിലേക്കും വ്യാപിപ്പിച്ചു കൂടാതെ ടി പദ്ധതിയിലൂടെ മേൽപ്പറഞ്ഞ വിഭാഗം രോഗികൾക്ക് ക്യാൻസർ

LIBRARY ARCHIVES Kerala Legislative Assembly